C 4337 (Pages : 3) Name.....................................

Reg. No.....................................

# SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2021

Malayalam (B.A./B.Sc.)

MAL 2A 08 (1)—MALAYALA SAHITHYAM – 2

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer atleast* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക :

1 'ഹന്ത ! ധന്യമിഹ നിന്റെ ജീവിതം'—ആരുടെ ചിന്തയാണ് ? കാരണമെന്ത് ?

2 വ്യംഗ്യാർത്ഥ ചമത്കൃതമായ കവിതയാണ് 'സൂര്യകാന്തി'—വിശദമാക്കുക.

3 പരശുരാമനെ വിമർശനബുദ്ധ്യാ മാരാര് ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

4 ഇടപ്പള്ളി കാലത്തെ കണ്ടിരുന്നത് എപ്രകാരമാണ് ? വിശദമാക്കുക.

5 "ജീവിതസാഫല്യത്തിൻ പൊരുളെങ്ങുലകിൽ

കേവലമൃത്പിണ്ഡത്തിന്നുള്ളിലോ പുറമെയോ"

—ആശയം വിശദമാക്കുക.

6 സൂതകുമാരൻ കൊമ്പുള്ള കുതിരയെ സൃഷ്ടിക്കുന്നതെങ്ങനെ ?

7 ഭൂതവർത്തമാനകാലങ്ങളെ സമന്വയിപ്പിക്കുകയാണ് 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയിൽ. വ്യക്തമാക്കുക.

8 "നേരേനടന്നവരെന്നറിഞ്ഞീടുക

നേരത്തേയെത്തിയോരെല്ലാം"

—സാരസ്യം വിശദമാക്കുക.

9 ഇടപ്പള്ളി രാഘവൻ പിള്ളയുടെ കവിതാരീതിയുടെ പൊതുസ്വഭാവം എഴുതുക.

10 'അവിടുന്നും കടന്ന് അവയെ വ്യാഖ്യാനിക്കാൻ പുറപ്പെട്ടാലേ കുഴപ്പമുള്ളൂ'—മുണ്ടശ്ശേരി വിവക്ഷിക്കുന്നതെന്ത് ?

11 അസംബന്ധകവിത എന്ന നിലയിൽ 'കുതിരക്കൊമ്പി'നെ വിലയിരുത്തുക.

12 സാല്വൻ അംബയെ ഉപേക്ഷിക്കാൻ കാരണമെന്ത് ?

Turn over

13 “പ്രരനിന്ദ വീശുന്നവാളിനാൽ ചൂളിപ്പോകാ,

പരകോടിയിൽച്ചെന്ന പാവനദിവ്യസ്നേഹം”

—വിശദമാക്കുക.

14 സൂര്യകാന്തിയെ മിസ്റ്റിക് കാവ്യമായി പരിഗണിക്കുന്നതിന്റെ യുക്തി എന്താണ് ?

15 ആധുനിക കവിതയുടെ ചില പൊതുസ്വഭാവങ്ങൾ എഴുതുക.

(10 × 3 = 30 marks)

## Section B

*Answer atleast* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

16 “മീനിനാൽ ഓമനച്ചെറുമൃണാളെമെന്നപോൽ

വാമനേത്രയുടെ വാമമാംകരം”

—സന്ദർഭവും ആശയവും വ്യക്തമാക്കുക.

17 ‘പലരും കരുതുന്നതു പോലെ പ്രേമനൈരാശ്യം കൊണ്ടല്ല ഇടപ്പള്ളി സ്വയം നശിപ്പിച്ചത്’–വിശദീകരിക്കുക.

18 ഇല്ലാത്ത ഒന്നിനെക്കുറിച്ചുള്ള കഥ മെനയലാണ് ‘കുതിരക്കൊമ്പ്’ എന്ന കവിത. വിശദമാക്കുക.

19 വാർധക്യത്തിന്റെ അവസ്ഥകളെ ‘അമ്മയെ കുളിപ്പിക്കുമ്പോൾ’ എന്ന കവിതയിൽ എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു ?

20 ‘മഹാഭാരതത്തിലെ ദുഷ്യന്തൻ നാട്ടുകാരോടുത്തരവാദപ്പെട്ടിരിക്കുമ്പോൾ കാളിദാസന്റെ ദുഷ്യന്തൻ തന്നോടു തന്നെ ഉത്തരവാദപ്പെട്ടിരിക്കുന്നു–വിവരിക്കുക.

21 അംബ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

22 ബഷീറിന്റെ നോവലുകൾ യഥാതഥനോവലിന്റെ വഴക്കത്തിൽ നിന്ന് വ്യതിരിക്തമാകുന്നതെങ്ങനെ ?

23 ആധുനികതയിൽ നിന്ന് ആധുനികാനന്തരതയിലേക്കുള്ള മാറ്റം ആറ്റൂരിന്റെ കവിതയിൽ കാണാം ശരിയോ ? വ്യക്തമാക്കുക.

(5 × 6 = 30 marks)





## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

III. മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

24 കേവലപ്രണയത്തിന്റെ ഭൂമികയിൽനിന്നുയർന്ന് പ്രണയത്തിന്റെ ആദ്ധ്യാത്മികഭാവത്തിലേക്ക് വളർന്നു വികസിക്കുന്ന കവിതയാണ് സൂര്യകാന്തി—വിലയിരുത്തുക.

25 ലോകത്തിന്റെ അവസ്ഥാന്തരത്തെ കലോപാസകൻ എന്ന കവിത അവതരിപ്പിക്കുന്നതെങ്ങനെ ?

26 സ്ത്രീയില്ലാത്ത മാതൃഭൂമി എന്ന ലേഖനത്തിലെ ആശയം ചുരുക്കി എഴുതുക.

27 എഴുത്തും അധികാരവും നോവലിന്റെ വ്യാവഹാരികതയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന നിരൂപകാഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

(2 × 10 = 20 marks)